# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 822 — 12.12.2012-ൽ മറുപടിക്ക്

### ഗ്രാമപഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പി. എച്ച്. സെന്ററുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട് ; | (എ) 26.04.2008 ലെ കണക്ക പ്രകാരം പി. എച്ച്. സി.കൾ ഇല്ലാത്ത 24 പഞ്ചായത്തുകൾ ഉണ്ടായിരുന്നു. 04.09.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 287/2012/ആ.ക.വ.പ്രകാരം 12 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.12 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇവ കൂടാതെ ഇനിയും പി.എച്ച്. സി. കൾ ആരംഭിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ എന്നത് പരിശോധിച്ചു വരുന്നു. |
| (ബി) സർക്കാർ അധികാരമേറ്റ ശേഷം എതൊക്കെ ഗ്രാമപഞ്ചായത്തുകളിൽ പി. എച്ച്. സെന്ററുകൾ അനുവദിച്ചിട്ടുണ്ട് ; ആയതിന്റെ ഉത്തരവ് ഉൾപ്പെടെ വിശദാംശം അറിയിക്കുമോ ; | (ബി) ഗവൺമെന്റ് ഉത്തരവ് നമ്പർ സ.ഉ.(എം.എസ്) നം. 287/2012/ആ.ക.വ. തീയതി 04.09.2012 ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) അടിസ്ഥാന സൗകര്യങ്ങൾ എല്ലാം തന്നെയുള്ള കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ പി. എച്ച്. സി. അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ; | (സി), (ഡി) 2013-14 സാമ്പത്തിക വർഷം ആരംഭിക്കാനുദ്ദേശിക്കുന്ന പി. എച്ച്. സി.കളിൽ ചിറക്കരയും ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രസ്തുത ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ജീവിത പിന്നോക്കാവസ്ഥയും, ആതുര ശുശ്രൂഷാ സ്ഥാപനങ്ങളുടെ അഭാവവും പരിഗണിച്ച് ചിറക്കരയിൽ പി. എച്ച്. സി. അനുവദിക്കുവാൻ സന്നദ്ധമാകുമോ ? | |

സെക്ഷൻ ഓഫീസർ

(അനുബന്ധം

**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -സംസ്ഥാനത്ത് പൊതുജനാരോഗ്യ കേന്ദ്രങ്ങളില്ലാത്ത പഞ്ചായത്തുകളിൽ 24 പ്രാഥമികാരോഗ്യകേന്ദ്രങ്ങളും, തിരുവനന്തപുരം ജഗതിയിൽ ഒരു ഡിസ്പെൻസറിയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്**

സ.ഉ.(എം.എസ്) നം.287 /2012/ആ.കു.വ തീയതി, തിരുവനന്തപുരം 04.09.2012

================================================================

**<u>ഉത്തരവ്</u>**

പകർച്ചപ്പനി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ പി.എച്ച്.സെന്ററുകളില്ലാത്ത 24 പഞ്ചായത്തുകളിൽ ആയത് പി.എച്ച്.സെന്ററുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 12 പി.എച്ച്.സി കളും അടുത്ത സാമ്പത്തിക വർഷം 12 പി.എച്ച്.സി കളും തലസ്ഥാന നഗരിയിലെ ജഗതിയിൽ ഒരു പുതിയ ഡിസ്പെൻസറിയും അനുവദിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ വർഷം ആരംഭിക്കുന്ന പൊതുജനാരോഗ്യകേന്ദ്രങ്ങൾ ചുവടെ ചേർത്തിരിക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| നം. | ജില്ല | പഞ്ചായത്ത്/നഗരസഭ |
|---|---|---|
| 1. | തിരുവനന്തപുരം | തിരുവനന്തപുരം നഗരസഭ<br>ഗവ.ഡിസ്പെൻസറി,ജഗതി |
| 2. | തിരുവനന്തപുരം | പാറശ്ശാല |
| 3. | കൊല്ലം | പെരിനാട് |
| 4. | കോട്ടയം | മണർകാട്, കോരിത്തോട് |
| 5. | ആലപ്പുഴ | പുന്നപ്ര നോർത്ത് |
| 6. | എറണാകുളം | ഒക്കൽ |
| 7. | മലപ്പുറം | തേഞ്ഞിപ്പലം, ഇടരിക്കോട്, കന്നമംഗലം |
| 8. | വയനാട് | മൂപ്പൈനാട് |
| 9. | കോഴിക്കോട് | കട്ടിപ്പാറ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**രാജീവ് സദാനന്ദൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യവകുപ്പ് (U.O.5748/H&L B1/2012/Fin- dt: 26.6.12)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്

ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്